മലയാള മനോരമ 05-08-2003

# 'എട്ടുകാലിൽ' എസ്. എച്ചിന്റെ വിജയം

സ്വന്തം ലേഖകൻ

**ചിലയിനം ചിലന്തികളെ വിദേശത്ത് കൂട്ടിലിട്ട് വളർത്തുന്നു. ലക്ഷങ്ങളാണ് വില**

കൊച്ചി: എട്ടുകാലികളുടെ കുലമഹിമയെക്കുറിച്ച് അന്വേഷിച്ചു പോയാൽ നാം അമ്പരക്കും. 'സ്പൈഡർമാൻ' സിനിമകൾ മാത്രമല്ല കോടികൾ വാരുന്നത്. നല്ലൊരിനം ചിലന്തിക്കും വിദേശത്തു ലക്ഷങ്ങൾ വിലമതിക്കുന്നു. നമ്മുടെ കാടുകളിലെ മരപ്പൊത്തുകളിലും മറ്റും ഒളിച്ചിരുന്ന് രാത്രി മാത്രം പുറത്തിറങ്ങുന്ന അവയെ രാത്രിയുടെ മറവിൽ തന്നെ വിദേശത്തേക്കു കടത്തി വലിയവീടുകളിലെ ചില്ലുകൂടുകളിൽ കൗതുകജീവികളാക്കി മാറ്റുന്നു.

ചിലന്തികളുടെ വർഗീകരണത്തെയും സ്വഭാവസവിശേഷതകളെയും കീടനിയന്ത്രണത്തെയും കുറിച്ചു പഠനം നടത്തുന്ന ദക്ഷിണേന്ത്യയിലെ ഏക കേന്ദ്രമായ തേവര സേക്രഡ് ഹാർട്ട് കോളജി

ത്തുന്ന ഇറാമ്പുലിയെന്നും ഇറുലിയെന്നും വിളിക്കുന്ന കടുവാച്ചിലന്തിയെ (പോയിസിലോത്തീറിയ റിഗാലിസ്) തിരുവാങ്കുളത്തു നിന്നും ഇവിടത്തെ ഗവേഷകർക്കു ലഭിച്ചു. നാലിനം കടുവാച്ചിലന്തികളെ മാത്രമെ ഇതുവരെ കേരളത്തിൽ കണ്ടെത്തിയിട്ടുള്ളൂ.

മരപ്പൊത്തുകളിൽ നിന്നു രാത്രികാലങ്ങളിൽ മാത്രം ഇരപിടിക്കാനിറങ്ങുന്ന ഇവയുടെ ഭക്ഷണം പക്ഷിക്കുഞ്ഞുങ്ങളും പല്ലികളുമാണ്. കടുവാച്ചിലന്തികളുടെ വിഷം നാഡീവ്യൂഹത്തെ ബാധിക്കും. രോഗങ്ങൾ ചൊറിച്ചിലിന് ഇടയാക്കും. കേരളത്തിലെ കാടുകളിൽ മാത്രം കാണപ്പെടുന്ന പോയിസിലോത്തീറിയ സ്ട്രയേറ്റ, പോയിസിലോത്തീറിയ റൂഫിലേറ്റ, പോയിസിലോത്തീറിയ റിഗാലിസ്, പോയിസിലോത്തീറിയ കിർക്കി തുടങ്ങിയ ഇനങ്ങൾ



മനോരമ

**സ്പൈഡർകടുവ:** തേവര സേക്രഡ് ഹാർട്ട് കോളജിലെ ജന്തു വിഭാഗത്തിൽ വളർത്തുന്ന കടുവ ചിലന്തി.

മലയാള മനോരമ

05-08-2003



മനോരമ

**സ്പൈഡർകടുവ:** തേവര സേക്രഡ് ഹാർട്ട് കോളജിലെ ജന്തു വിഭാഗത്തിൽ വളർത്തുന്ന കടുവ ചിലന്തി.

ലെ അരാക്കനോളജി (ചിലന്തി പഠന ഗവേഷണ ശാസ്ത്രം) വിഭാഗം ഇതുപോലെ കൗതുകകരമായ ഒട്ടനവധി വിവരങ്ങളുമായി സമ്പന്നമാണ്.

ബ്രിട്ടീഷ് ശാസ്ത്രജ്ഞർ 19-ാം നൂറ്റാണ്ടിൽ നടത്തിയ പഠനത്തിനു ശേഷം കേരളത്തിൽ ചിലന്തികളെ കുറിച്ചു കാര്യമായ ഗവേഷണം നടന്നിട്ടില്ലെന്ന് അരാക്കനോളജി വിഭാഗത്തിലെ ഡോ. പി.എ. സെബാസ്റ്റ്യനും ഡോ. ജോൺ ജോസഫും ചൂണ്ടിക്കാട്ടുന്നു. 1876 ൽ ബ്രിട്ടീഷ് ശാസ്ത്രജ്ഞർ കേരളത്തിൽ 76 ഇനം ചിലന്തികളെ മാത്രമാണു കണ്ടെത്തിയത്. എന്നാൽ അരാക്കനോളജി വിഭാഗത്തിലെ ഗവേഷകർ നാനൂറിൽപരം ചിലന്തികളെ കേരളത്തിൽ നിന്നു കണ്ടെത്തിയിട്ടുണ്ട്. പശ്ചിമഘട്ട മലനിരകളിൽ നിന്നു മാത്രമായി പതിനഞ്ചോളം ചിലന്തികളെ ലഭിച്ചു.

മൂന്നാറിനു സമീപം മന്നവൻചോലയിൽ നിന്നു കണ്ടെത്തിയ 'അരാനിയസ് ഹിമാലയൻസിസ്' എന്ന ചിലന്തി മുൻപു ഹിമാലയൻ താഴ്‌വരയിൽ മാത്രമാണ് കാണപ്പെട്ടിട്ടുള്ളത്. ഏറെ കൗതുകമുണർക്ക് പാശ്ചാത്യരുടെ ഇടയിൽ വൻ മതിപ്പാണ്.

പൂർണ വളർച്ചയെത്തിയ ചിലന്തികൾക്കു കടുവയുടേതുപോലെ മഞ്ഞയും കറുപ്പും വരകൾ തെളിഞ്ഞു കാണാമെന്നതിനാൽ വിദേശത്തു നല്ല വില ലഭിക്കും. നിറവ്യത്യാസം, വലിപ്പം എന്നിവയനുസരിച്ചു വിലയിൽ ലക്ഷങ്ങളുടെ വ്യത്യാസമുണ്ട്.

പ്രാണികളും ഷഡ്പദങ്ങളുമാണ് മറ്റു ചിലന്തികളുടെ മുഖ്യഭക്ഷണം. നെൽവയലുകളിലും പച്ചക്കറിത്തോട്ടങ്ങളിലും ചിലന്തികൾ കീടനിയന്ത്രണത്തിൽ മുഖ്യപങ്കു വഹിക്കുന്നുണ്ടെന്ന് ഗവേഷണ കേന്ദ്രത്തിലെ പഠനങ്ങൾ തെളിയിക്കുന്നു.

സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സംഘടനയുടെ സാമ്പത്തിക സഹായത്തോടെ കുട്ടനാട്ടിലെ നെൽവയലുകൾ കേന്ദ്രീകരിച്ച് ഇതെക്കുറിച്ചു കേന്ദ്രം പഠനം നടത്തുന്നുണ്ട്. ഇന്ത്യൻ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ സാമ്പത്തിക സഹായത്തോടെ കേരള കാർഷിക സർവകലാശാലയുമായി സഹകരിച്ചാണ് ഇവിടെ പഠനങ്ങൾ നടത്തുന്നത്.